## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 8096** **24.07.2012 ൽ മറുപടി നൽകിയത്**

### വനസംരക്ഷണ വിഭാഗം ജീവനക്കാർക്ക് എൻട്രികേഡർ ട്രെയിനിംഗ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാർ അധികാരത്തിൽ വന്നശേഷം വന സംരക്ഷണ വിഭാഗം ജീവനക്കാർക്ക് എൻട്രി കേഡർ ലെവൽ ട്രെയിനിംഗ് നിർബന്ധമാക്കി ട്രെയിനിംഗ് നൽകിയിരുന്ന വ്യവസ്ഥ ഇപ്പോഴും നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രപേർക്ക് ഏതെല്ലാം കാറ്റഗറിയിൽ എൻട്രി കേഡർ ലെവലിൽ ട്രെയിനിംഗ് നൽകിയിട്ടുണ്ട്; | (എ) വനസംരക്ഷണ വിഭാഗം ജീവനക്കാർക്ക് എൻട്രി കേഡർ ലെവൽ ട്രെയിനിംഗ് നിർബന്ധമാക്കി ട്രെയിനിംഗ് നൽകിയിരുന്ന വ്യവസ്ഥ ഇപ്പോഴും നിലവിലുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഫോറസ്റ്റ് സ്കൂൾ, വാളയാറിൽ 7 ബാച്ചുകളിലായി 203 ഫോറസ്റ്റ് ഗാർഡുമാർക്ക് 1st ഫേസ് ഇൻഡക്ഷൻ ട്രെയിനിംഗും ഫോറസ്റ്റ് സ്കൂൾ, അരിപ്പയിൽ 5 ബാച്ചുകളിലായി 162 ഫോറസ്റ്റ് ഗാർഡുമാർക്ക് 1st ഫേസ് ഇൻഡക്ഷൻ ട്രെയിനിംഗും 216 ഫോറസ്റ്റ് ഗാർഡുമാർക്ക് പോലീസ് അക്കാഡമിയിൽ 3 മാസത്തെ പോലീസ് ട്രെയിനിംഗും നൽകിയിട്ടുണ്ട്. |
| (ബി) നാളിതുവരെ ട്രെയിനിംഗ് പൂർത്തിയാക്കാത്ത ജീവനക്കാരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (ബി) നാളിതുവരെ ട്രെയിനിംഗ് പൂർത്തിയാക്കിയ ജീവനക്കാരുടെ എണ്ണം ജില്ലതിരിച്ച് താഴെകൊടുക്കുന്നു. |

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | - 13 |
| കൊല്ലം | - 07 |
| പത്തനംതിട്ട | - 48 |
| ആലപ്പുഴ | - ഇല്ല |
| കോട്ടയം | - 14 |
| ഇടുക്കി | - 99 |
| എറണാകുളം | - 42 |
| തൃശ്ശൂർ | - 37 |
| പാലക്കാട് | - 136 |
| മലപ്പുറം | - 134 |
| കോഴിക്കോട് | - 02 |
| വയനാട് | - 22 |
| കണ്ണൂർ | - 08 |
| കാസർഗോഡ് | - ഇല്ല |
| ആകെ | - 562 |

| | |
|---|---|
| (സി) 45 വയസ്സുകഴിഞ്ഞ വന സംരക്ഷണ വിഭാഗം ജീവനക്കാരെ ട്രെയിനിംഗിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; ഇവർക്ക് പ്രമോഷൻ കിട്ടാതെയുണ്ടോ; വ്യക്ത മാക്കുമോ ? | (സി) ഇല്ല. ഫോറസ്റ്റ് ഗാർഡ് ട്രെയിനിംഗ് പൂർത്തിയായവർക്ക് സീനിയോറിറ്റി ക്രമത്തിൽ ഫോറസ്റ്ററായി സ്ഥാനക്ക യറ്റം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ